ഉത്തരം

(എ) & (ബി) വിഴിഞ്ഞം തുറമുഖം വികസിപ്പിക്കുന്നതിന്റെ ആദ്യപടിയായി വിശദമായ പഠനങ്ങളും അന്വേഷണ ഗവേഷണ പ്രവർത്തനങ്ങളും നടത്തി ഒരു രൂപരേഖ തയ്യാറാക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി തുറമുഖനിർമ്മാണം ഏറ്റെടുക്കുന്നതിനുവേണ്ടി ആഗോള ദർഘാസുകൾ ക്ഷണിക്കുകയും അവ സമർപ്പിക്കുന്നതിനു മുന്നോടിയായി ദർഘാസ് രേഖകൾ വാങ്ങിയ കമ്പനികളുമായി വിശദമായ ചർച്ചകൾ നടത്തുകയുമുണ്ടായി. ദർഘാസുകൾ സമർപ്പിക്കേണ്ട അവസാന തീയതി 30-7-2005. ഇതിനുള്ളിൽ ലഭിക്കുന്ന ദർഘാസുകൾ പരിശോധിച്ച് അനുയോജ്യമായ നിക്ഷേപക പങ്കാളിയെ കണ്ടെത്തി അവരുമായി സർക്കാർ കരാറിൽ ഏർപ്പെടും. ഈ പരിശോധനയ്ക്ക് 3 മാസം സമയം വേണ്ടിവരും. സർക്കാരും സ്വകാര്യ പങ്കാളിയും ചേർന്ന് സംയുക്ത സംരംഭത്തിലാണ് പദ്ധതി നടപ്പിലാക്കുക. ഈ സംരംഭത്തിൽ 24% ഓഹരി സർക്കാരിന്റേതായിരിക്കും.

പദ്ധതിയിൽ സർക്കാരിന്റെ പ്രതിബദ്ധതയ്ക്കും താല്പര്യത്തിനും ഊന്നൽ നൽകിക്കൊണ്ട് ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ (റോഡ്/റെയിൽവേലൈൻ/ജലവിതരണം/വൈദ്യുതി തുടങ്ങിയവ) ഒരുക്കുകയാണ് ഈ തുറമുഖ കമ്പനിയുടെ പ്രവർത്തനത്തിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്.

വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ തുറമുഖം

94 [1419] *ശ്രീ. ജോർജ്ജ് ജെ. മാത്യു:*
,, *സി. പി. മുഹമ്മദ്:*
,, *എം. എം. ഹസ്സൻ:*
,, *ലൂഡി ലൂയിസ്:*
ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ തുറമുഖത്തിന്റെ നിർമ്മാണത്തിന് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എന്തെല്ലാം സഹായങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്; ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ നിലപാടെന്തെന്ന് പറയുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാർ മാരിടൈം വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനായി ഇൻഡ്യയിലെ ഒൻപത് തുറമുഖങ്ങൾ തെരഞ്ഞെടുത്തതിൽ വിഴിഞ്ഞം തുറമുഖവും ഉൾപ്പെടുന്നുണ്ട്. പ്രസ്തുത പദ്ധതിയനുസരിച്ചു പദ്ധതി ചെലവിന്റെ മൂന്നിലൊന്ന് ഭാഗം കേന്ദ്ര സർക്കാർ വഹിക്കണമെന്നാണ് വ്യവസ്ഥ. ഇതുപ്രകാരം കേരള സർക്കാർ 31-5-2005-ൽ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ നിലപാട് അറിയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly